**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5703** **13-08-2021 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് മണ്ഡലത്തിലെ പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി** | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ പുനർഗേഹം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത പദ്ധതി മുഖേന, മണ്ഡലത്തിലെ എത്ര പേർക്കാണ് വീടുകൾ നൽകുവാൻ നടപടി സ്വീകരിച്ചിട്ടുള്ളത്; | (ബി) | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തീരദേശ വേലിയേറ്റ രേഖയ്ക്ക് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 193 പേരെയാണ് മാറ്റിപ്പാർപ്പിക്കേണ്ടതായുള്ളത്. ആയവരിൽ മാറിത്താമസിക്കു വാൻ സമ്മതമറിയിച്ച 74 പേരെ ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. 10 പേർ ഭൂമി വാങ്ങി രജി സ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ 6 പേർ ഭവനിർമ്മാണത്തിന്റെ മൂന്ന് ഘട്ടവും പൂർത്തിയാക്കി ധനസഹായം കൈപ്പറ്റിയിട്ടുണ്ട്. |
| (സി) | പദ്ധതിക്കായി നിലവിൽ അനുവദിക്കുന്ന തുക പരിമിതമാണോ; അത് വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ഗുണഭോക്താവ് കണ്ടെത്തുന്ന ഭൂമിയുടെ അനുയോ ജ്യത ഐ.ഡി.റ്റി. പരിശോധിച്ച് ഡി.എൽ.പി.സി വിലനിർണ്ണയം നടത്തി ഡി.എൽ.എം.സി യുടെ അംഗീകാരത്തോടെ മാത്രമാണ് നിലവിൽ ഭൂമി വാങ്ങുന്നത്. അപ്രകാരം വില നിശ്ചയിക്കപ്പെടുന്ന ഭൂമി വാങ്ങാനും ഭവന നിർമ്മാണത്തിനും കൂടി പരമാവധി 10 ലക്ഷം രൂപയുടെ സഹായമാണ് നൽകുന്നത്. ഭൂമി വില, രജിസ്ട്രേഷൻ ഫീസ്, സ്റ്റാംപ് ഡ്യൂട്ടി, എഴുത്തുകൂലി എന്നിവ ഉൾപ്പെടെ 6 ലക്ഷം രൂപയും ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപയും അടക്കം പരമാവധി 10 ലക്ഷം രൂപ അനുവദിക്കാമെന്നി രുന്നാലും സ്ഥലം വാങ്ങലിനും രജിസ്ട്രേഷൻ ഫീസ്, സ്റ്റാംപ് ഡ്യൂട്ടി, എഴുത്തുകൂലി എന്നിവയ്ക്ക് 6 ലക്ഷം രൂപയിൽ കുറവാണ് ചെലവാകുന്നതെങ്കിൽ ബാക്കി തുക 4 ലക്ഷം രൂപയോടു ചേർത്ത് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്. നിലവിലെ പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം അനുവദിക്കുന്ന യൂണിറ്റ് കോസ്റ്റ് 10 ലക്ഷം രൂപയാണ്. തുക വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം വീട് ലഭിച്ചവർ ഉപേക്ഷിച്ച സ്ഥലത്തിന്റെ ഉടമസ്ഥാവകാശം അവരിൽ തന്നെ നിക്ഷിപ്തമാക്കുമോ ; വ്യക്തമാക്കാമോ? | (ഡി) | പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം ഗുണഭോക്താക്കൾ നിലവിലെ കെട്ടിടം പൊളിച്ചുമാറ്റേണ്ടതും വസ്തു റിലിങ്കിഷ് ചെയ്യേണ്ടതുമാണ്. എന്നാൽ അഞ്ച് സെന്റിന് മുകളിൽ ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് നിബന്ധനകൾക്ക് വിധേയമായി ടി സ്ഥലം കൃഷിയ്ക്ക് ഉപയോഗിക്കാവുന്നതാണ്. ടി സ്ഥലത്ത് യാതൊരു വിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്തുവാൻ അനുവദിക്കുന്നതല്ല. ഗുണഭോക്താക്കൾ റിലിങ്കിഷ് ചെയ്ത ഭൂമിയിൽ അനുയോജ്യമായ മരങ്ങൾ വെച്ച് പിടിപ്പിച്ച് വകുപ്പിന്റെ നേതൃത്വത്തിൽ ഒരു ജൈവ കവചമാക്കി നിലനിർത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ